# 1998-ലെ 10-ാം ആക്ററ്

# 1998-ലെ കേരളാ റാഗിംഗ് നിരോധന ആക്ററ് *

കേരള സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

റാഗിംഗ് നിരോധിക്കുന്നതിനുള്ള

ഒരു

ആക്ററ്

പീഠിക.—കേരള സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിരോധിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാൽപ്പത്തി ഒൻപതാം സംവൽസരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ ആക്ററിന് **1998**-ലെ കേരളാ റാഗിംഗ് നിരോധന ആക്ററ് എന്നു പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 1997 ഒക്ടോബർ 23-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി" എന്നാൽ പ്രിൻസിപ്പാൾ, ഹെഡ്മാസ്ററർ അല്ലെങ്കിൽ ആ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഭരണപരമായ ഉത്തരവാദിത്വം നിർവഹിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

(ബി) "റാഗിംഗ്" എന്നാൽ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിലെ ഒരു വിദ്യാർത്ഥിയോട് ക്രമവിരുദ്ധമായ പെരുമാററംമൂലം ആ വിദ്യാർത്ഥിക്ക് ശാരീരികമോ മാനസികമോ ആയ പീഡനം ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതോ അല്ലെങ്കിൽ ഭയാശങ്കയോ, ഭയപ്പാടോ,അപമാനമോ, ബുദ്ധിമുട്ടോ ഉണ്ടാക്കുന്നതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യൽ എന്നർത്ഥമാകുന്നതും, അതിൽ—

---

* 1998 ഏപ്രിൽ 23–ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 1998 ഏപ്രിൽ 24–ാം തീയതിയിലെ 637–ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

(i) അങ്ങനെയുള്ള വിദ്യാർത്ഥിയെ ശല്യപ്പെടുത്തുന്നതോ അധിക്ഷേപിക്കുന്നതോ, പരിഹസിക്കുന്നതോ, ഉപദ്രവിക്കുന്നതോ; അല്ലെങ്കിൽ

(ii) ഒരു വിദ്യാർത്ഥി സാധാരണഗതിയിൽ സ്വമനസ്സാലെ ചെയ്യാൻ ഒരുമ്പെടാത്ത ഏതെങ്കിലും പ്രവർത്തി ചെയ്യുന്നതിനോ നിർവഹിക്കുന്നതിനോ ആവശ്യപ്പെടുന്നതോ,

ഉൾപ്പെടുന്നതുമാകുന്നു.

3. <u>റാഗിംഗ് നിരോധനം</u>.—ഏതൊരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെയും അകത്തും പുറത്തും റാഗിംഗ് നിരോധിച്ചിരിക്കുന്നു.

4. <u>റാഗിംഗിനുള്ള ശിക്ഷ</u>.—ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിനകത്തോ അഥവാ പുറത്തോ, റാഗിംഗ് നടത്തുകയോ റാഗിംഗിൽ പങ്കെടുക്കുകയോ അതിനു പ്രേരിപ്പിക്കുകയോ അല്ലെങ്കിൽ റാഗിംഗ് പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും കുററസ്ഥാപനത്തിൻമേൽ, രണ്ടു വർഷം വരെയാകാവുന്ന കാലയളവിലേക്ക് തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതും അയാൾ പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്കുംകൂടി വിധേയനാകേണ്ടതുമാണ്.

5. <u>വിദ്യാർത്ഥിയെ പിരിച്ചുവിടൽ</u>.—4-ാം വകുപ്പിൻ കീഴിലുള്ള ഒരു കുററത്തിന് ശിക്ഷിക്കപ്പെടുന്ന ഏതൊരു വിദ്യാർത്ഥിയേയും വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നും പിരിച്ചുവിടേണ്ടതും അങ്ങനെയുള്ള വിദ്യാർത്ഥിക്ക്, പിരിച്ചുവിടൽ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ മൂന്നുവർഷക്കാലത്തേക്ക്, മററു യാതൊരു വിദ്യാഭ്യാസ സ്ഥാപനത്തിലും പ്രവേശനം നൽകാൻ പാടില്ലാത്തതുമാകുന്നു.

6. <u>വിദ്യാർത്ഥിയെ സസ്പെൻഡ് ചെയ്യൽ</u>.—(1) മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിയോട് റാഗിംഗിനെക്കുറിച്ച് ഏതെങ്കിലും വിദ്യാർത്ഥിയോ, അതതു സംഗതിപോലെ, മാതാപിതാക്കളോ, രക്ഷകർത്താവോ അഥവാ ആ വിദ്യാഭ്യാസ സ്ഥാപനത്തിലെ ഏതെങ്കിലും അദ്ധ്യാപകനോ രേഖാമൂലം പരാതിപ്പെട്ടാൽ ആ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി, പരാതി ലഭിച്ചു ഏഴു ദിവസത്തിനകം, പരാതിയിൽ പറഞ്ഞിരിക്കുന്ന സംഗതിയെ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതും, പ്രഥമദൃഷ്ട്യാ സത്യമുണ്ടെന്ന് കണ്ടാൽ, കുററാരോപണവിധേയനായ വിദ്യാർത്ഥിയെ സസ്പെന്റ്ചെയ്യേണ്ടതും, ഉടൻ തന്നെ, പ്രസ്തുത പരാതി ആ വിദ്യാഭ്യാസസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് അധികാരിതയുള്ള പോലീസ് സ്റ്റേഷനിലേക്ക് മേൽനടപടിക്കായി അയച്ചുകൊടുക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞരീതിയിൽ പരാതി രേഖാമൂലം ലഭിക്കുകയും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിയുടെ അന്വേഷണത്തിൽ, പ്രഥമദൃഷ്ട്യാ, പരാതിയിൽ കഴമ്പില്ലായെന്ന് തെളിയുകയും ചെയ്താൽ ഇക്കാര്യം പരാതിക്കാരനെ രേഖാമൂലം അറിയിക്കേണ്ടതാകുന്നു.

**7.** <u>കുററം ചെയ്യാൻ പ്രേരിപ്പിക്കുന്നതായി കരുതാവുന്നത്.</u>—വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി **6**-ാം വകുപ്പിൽ പറയപ്പെടുന്ന രീതിയിൽ, റാഗിംഗിനെക്കുറിച്ചുള്ള ഒരു പരാതിയിൻമേൽ നടപടിയെടുക്കാതിരിക്കുകയോ അഥവാ നടപടി എടുക്കാൻ അനാസ്ഥ കാണിക്കുകയോ ചെയ്യുകയാണെങ്കിൽ, അങ്ങനെയുള്ള വ്യക്തി, റാഗിംഗ് എന്ന കുററം ചെയ്യാൻ പ്രേരിപ്പിച്ചതായി കരുതപ്പെടേണ്ടതും കുററസ്ഥാപനത്തിൻമേൽ **4**-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ശിക്ഷിക്കപ്പെടേണ്ടതുമാണ്.

**8.** <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—**(1)** സർക്കാരിന്, ഗസററ് വിജ്ഞാപനം വഴി, ഈ ആക്ററിലെ വ്യവസ്ഥകൾ എല്ലാമോ ഏതെങ്കിലുമോ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ററിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷ, കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക്, വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമേമളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

**9.** <u>റദ്ദാക്കലും ഒഴിവാക്കലും.</u>—**(1)** **1998**-ലെ കേരളാ റാഗിംഗ് നിരോധന ഓർഡിനൻസ് **(1998**-ലെ **2)** ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ , ആയ ഏതൊരു നടപടിയും ഈ ആക്ററുപ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.